II. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 x 5 = 25)

26. നൂറ്റാണ്ടുകൾ പഴക്കമുള്ള കോട്ടയ്ക്ക് മുൻപിൽ ഏകയായി നിൽക്കുമ്പോൾ ഒരു ചെറുകഥയിലെ കഥാപാത്രത്തിന്റെ ചിന്തകൾ എന്തൊക്കെയാവാം? ബോധധാരാ രീതിയിൽ ഒരു ഖണ്ഡിക എഴുതുക.

27. ചെറുകഥാകാരി എന്ന നിലയിൽ കെ.രേഖയെ പരിചയപ്പെടുത്തുക

28. തുള്ളൽ എന്ന കലാരൂപത്തിന്റെ സർഗാത്മക തലം ചർച്ച ചെയ്യുക.

29 വാൻഗോഖിന്റെ ഏതെങ്കിലും ഒരു ചിത്രത്തെക്കുറിച്ച് ബിരുദവിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താനുള്ള കുറിപ്പ് തയ്യാറാക്കുക.

30. ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ 'പൂതപ്പാട്ട്' എന്ന കവിത കഥാരൂപത്തിൽ എഴുതുക.

31. ' ഭാഷയും നവമാധ്യമങ്ങളും' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക.

32. മിത്തുകൾ സർഗാത്മകരചനയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു? മിത്ത് ആസ്പദമായി രചിക്കപ്പെട്ട മലയാളത്തിലെ ഏതെങ്കിലും ഒരു നോവൽ മുൻനിർത്തി സ്വാഭിപ്രായം വ്യക്തമാക്കുക.

33. സാഹിത്യരചന ഒരു സാംസ്കാരിക പ്രവർത്തനം മാത്രമല്ല രാഷ്ട്രീയ പ്രവർത്തനം കൂടിയാണ് എന്നു പറയുന്നത് എന്തുകൊണ്ടാണ്? സോദാഹരണം വ്യക്തമാക്കുക.

തയ്യാറാക്കിക്കൊണ്ടുവന്ന രചന ഉത്തരക്കടലാസ്സിനൊപ്പം നൽകേണ്ടതാണ്. രചനയുടെ മുകളിൽ രജിസ്റ്റർ നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്.

--***--

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# എം. എ പ്രവേശനപരീക്ഷ - 2025

## എം.എ മലയാളം (സാഹിത്യരചന)

**കോഴ്സ് കോഡ് : MUE 25 MLW - 03**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക (01 x 25= 25)

1. പുറപ്പാടിന്റെ പുസ്തകം, ചോര ശാസ്ത്രം ദത്താപഹാരം, ലൈക്ക, നിരീശ്വരൻ, ആന്റി ക്ലോക്ക് എന്നീ നോവലുകൾ എഴുതിയത്?
   a. കെ ആർ മീര.  b. വി ജെ ജെയിംസ്
   c. ഉണ്ണി ആർ  d. ബെന്യാമിൻ

2. ജാതക കഥകൾ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a. നാരായണഗുരു.  b. ഗാന്ധിജി.
   c. ഗൗതമബുദ്ധൻ  d. ഇവർ ആരുമല്ല

3. കാവ്യം അന്നരസമയം എന്ന കൃതി ആരുടെ കവിതകളെയാണ് പഠന വിധേയമാക്കുന്നത്?
   a. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ  b. ഉള്ളൂർ എസ് പരമേശ്വരയ്യർ
   c. വൈലോപ്പിള്ളി  d. ബാലചന്ദ്രൻ ചുള്ളിക്കാട്

4. മരണമെത്തുന്ന നേരത്ത്..... എന്ന വരികൾ ആരുടേതാണ്?
   a. യൂസഫലി കേച്ചേരി  b. ഒ.എൻ.വി കുറുപ്പ്
   c. വയലാർ രാമവർമ്മ  d. റഫീഖ് അഹമ്മദ്

5. ചിനാവർ ശ്രോത,നിലാകാന്തി, ബ്രജ എന്നീ ശ്രദ്ധേയമായ അസമീസ് കൃതികൾ ആരുടേതാണ്?
   a. ഇന്ദിര ഗോസ്വാമി  b. ലക്ഷ്മി കാന്ത് ബറുവ
   c. ഹിരൺ ഭട്ടചാര്യ  d. ഇവർ ആരുമല്ല

6. കേരളത്തിലെ ബൗദ്ധപാരമ്പര്യത്തിന്റെ അസ്തമയം പശ്ചാത്തലമാക്കി ഉല എന്ന നോവൽ എഴുതിയത് ആരാണ്?
   a. എൻ. മോഹനൻ  b. കെ. വി. മോഹൻ കുമാർ
   c. എൻ. പ്രശാന്ത്  d. ഇ. സന്തോഷ് കുമാർ

7. ഗാന്ധിജിയുടെ മരണത്തിൽ മനംനൊന്ത് വള്ളത്തോൾ നാരായണമേനോൻ എഴുതിയ കാവ്യം ' ഏതാണ് ?
   a. എന്റെ ഗുരുനാഥൻ  b. ബാപ്പുജി
   c. ഗാന്ധിമാർഗ്ഗം  d. പ്രണാമം

8. ഹൃദയഭുക്ക് ആരുടെ കൃതിയാണ്?
   a. ആഷ് അഷിത  b. ജിൻഷ ഗംഗ
   c. വി. കെ. ദീപ  d. ഷാഹിന ഇ. കെ

9. വൈക്കം മുഹമ്മദ് ബഷീർ തിരക്കഥ എഴുതിയ ചലച്ചിത്രം ഏത്?
   a. മതിലുകൾ  b. പ്രേമലേഖനം
   c. ഭാർഗവീനിലയം  d. നീലവെളിച്ചം

10. കുമാരനാശാൻ എഴുതിയ വീണപൂവ് ആദ്യമായി മിതവാദി മാസികയിൽ പ്രസിദ്ധീകൃതമാകുന്നത് ഏതു വർഷമാണ്?
   a. 1906  b. 1907
   c. 1908  d. 1909

11. താഴെപ്പറയുന്ന തുള്ളൽ കൃതികളിൽ 'ശീതങ്കൻ' വിഭാഗത്തിൽ ഉൾപ്പെടുന്നത് ഏതാണ്?
   a. കല്യാണസൗഗന്ധികം  b. സഭാപ്രവേശം
   c. സ്യമന്തകം  d. ഘോഷയാത്ര

12 ആൽഫ എന്ന നോവൽ എഴുതിയത് ആരാണ്?
   a. ബെന്യാമിൻ  b. ടി. ഡി. രാമകൃഷ്ണൻ
   c. കെ. ആർ. മീര  d. അശോകൻ ചരുവിൽ

13. മാലാഖയുടെ ചിറകുകൾ എന്ന കൃതി ആരുടേതാണ്?
   a. കെ. ആർ. മീര  b.സി. വി. ബാലകൃഷ്ണൻ
   c.കെ. പി. രാമനുണ്ണി  d. യു. എ. ഖാദർ



14. ഒ. വി. വിജയന്റെ ഏതു കഥയിലാണ് വെള്ളായിയപ്പൻ എന്ന കഥാപാത്രമുള്ളത്?
   a. കാറ്റ് പറഞ്ഞ കഥ  b. ചെങ്ങന്നൂർ വണ്ടി
   c. എട്ടുകാലി  d. കടൽത്തീരത്ത്

15. ബുദ്ധനും ഞാനും നരിയും എന്ന കവിത ആരുടേതാണ്?
   a. തിരുനല്ലൂർ കരുണാകരൻ  b. ജി. ശങ്കരക്കുറുപ്പ്
   c. പി. കുഞ്ഞിരാമൻ നായർ  d. ഇടശ്ശേരി ഗോവിന്ദൻ നായർ

16. 'എരി' എന്ന നോവൽ എഴുതിയത് ആര്?
   a. എം. കുഞ്ഞാമൻ  b. നാരായൻ
   c. പ്രദീപൻ പാമ്പിരിക്കുന്ന്  d. എം. ബി. മനോജ്

17. 2024 ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്കാണ്?
   a. എം. മുകുന്ദൻ  b. എസ്. കെ. വസന്തൻ
   c. സേതു  d. എൻ. എസ്. മാധവൻ

18. വില്ലുവണ്ടി സമരവുമായി ബന്ധപ്പെട്ട സാമൂഹിക പരിഷ്കർത്താവ് ആരാണ്?
   a. സഹോദരൻ അയ്യപ്പൻ  b. കെ. പി. കറുപ്പൻ
   c. അയ്യങ്കാളി  d. പൊയ്കയിൽ അപ്പച്ചൻ

19. പെണ്ണപ്പൻ എന്ന കവിതാസമാഹാരം രചിച്ചത് ആരാണ്?
   a. ആദി  b. വിജയരാജമല്ലിക
   c. വൈഗ  d. അനസ്

20. സിനിമയും സമൂഹവും എന്ന പുസ്തകം രചിച്ചത് ആരാണ്?
   a. കെ. വേലപ്പൻ  b. വി. രാജകൃഷ്ണൻ
   c. മധു ഇറവങ്കര  d. വിജയകൃഷ്ണൻ

21 കാവ്യഹേതുക്കളിൽ ഉൾപ്പെടാത്തത്
   a. പ്രതിഭ  b.വ്യുൽപത്തി
   c. അഭ്യാസം  d. രൂപകവിജ്ഞാനം

22. കുപ്പുവച്ചൻ ആര് സൃഷ്ടിച്ച കഥാപാത്രം
   a. എം.ടി  b. ഒ.വി. വിജയൻ
   c. സേതു  d. സാറാ ജോസഫ്

23. Art of thought എന്ന കൃതി എഴുതിയതാര്?
   a. ഗ്രഹാം വാലസ്  b. എബ്രഹാം എം എച്ച്
   c. വില്യം ഫോക്നർ  d. ടോണി മോറിസൺ

24. On Road to Literature എന്ന സാഹിത്യപ്രബന്ധം ആരുടെ?
   a. ജി.ശങ്കരക്കുറുപ്പ്  b. ടാഗോർ
   c. റേയ്മണ്ട് വില്യംസ്  d. സച്ചിദാനന്ദൻ

25. I did not myself know what I wanted,I feared life, desired to escape from it, yet still hoped somthing of it. ഇങ്ങനെ എഴുതിയ മഹാസാഹിത്യകാരൻ?
   a. ടോൾസ്റ്റോയ്  b. ഷേക്സ്പിയർ
   c. ദസ്തയേവ്സ്കി  d. ഇവർ ആരുമല്ല.